# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1532

11.2.2013-ൽ മറുപടിക്ക്

## ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ്<br>ഡോ.എൻ.ജയരാജ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; | (എ) ക്ഷീരകാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന്, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക പ്രവർത്തനങ്ങളും ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം എന്നീ പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട , നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ, നൽകി വരുന്നു. അതുപോലെ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയും വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പാൽ ഉൽപ്പാദനരംഗത്ത് വളർച്ച കൈവരിക്കാൻ സാധിച്ചുവോ; ഇക്കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പാലുല്പാദനത്തിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ മുന്നിട്ട് നിൽക്കുന്ന ജില്ലകൾ പാലക്കാട് (15%), മലപ്പുറം (11%), കോട്ടയം (11%), വയനാട് (10%), ഇടുക്കി (9%) എന്നിവയാണ്.

മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളിലെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

**Average Procurement of Milk per day from October to January (Qty LPD)**

| | TRCMPU | ERCMPU | MRCMPU | TOTAL |
|---|---|---|---|---|
| 2011-12 | 199583 | 182414 | 442401 | 824398 |
| 2012-13 | 201676 | 195481 | 448636 | 845793 |
| Increase | 2093 | 13067 | 6235 | 21395 |
| % Increase | 1.05 | 7.16 | 1.41 | 2.6 |

(സി) ക്ഷീരകാർഷിക വൃത്തിയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2013 -14 ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) കൂടുതൽ തുക വകയിരുത്തുന്നതിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ